പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1114 14.06.2012 - ൽ മറുപടിക്ക്

## മാവേലി സ്റ്റോർ/ലാഭം മാർക്കറ്റുകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. വി. ശശി<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. കെ. രാജു | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ എന്നിവ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) സപ്ലൈകോയുടെ കടകൾവഴി വിതരണം ചെയ്തുവരുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരം ആണെന്ന് ഉറപ്പു വരുത്തുന്നതിനായി പരിശോധനാ വിഭാഗം നിലവിലുണ്ട്. ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ആ ഡിപ്പോയിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരം ആണെന്ന് ഉറപ്പുവരുത്തുവാൻ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയിട്ടുണ്ടോ എന്ന് സംശയം ഉള്ളപ്പോൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും, എൻ.എ.ബി.എൽ. അംഗീകാരം ഉള്ള ലാബിലും പരിശോധന നടത്താറുണ്ട്. കൂടാതെ, കോന്നിയിലുള്ള |

സി.എഫ്.ആർ.ഡി. മൈക്രോ ബയോളജിക്കൽ ലാബിൽ ജൈവ സൂക്ഷ്മാണു പരിശോധന നടത്തുന്നുമുണ്ട്.

പൊതുജനങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ ഗുണമേൻമയോടെ നൽകുവാനുള്ള സംവിധാനം സപ്ലൈകോയുടെ എല്ലാ കടകളിലും നിലവിലുണ്ട്. പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾക്ക് **HACCP, ISO 22000,** അഗ്മാർക്ക് എന്നീ ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഭക്ഷ്യവസ്തുക്കൾ കൈപ്പറ്റിയശേഷം ഗുണമേൻമക്കുറവ് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട കരാറുകാരിൽനിന്നും മാറ്റി വാങ്ങുവാനുമുള്ള സംവിധാനവും നിലവിലുണ്ട്. കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തി വരുന്നു.

| | | | |
|---|---|---|---|
| ബി) | ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നില്ല. |
| സി) | ഗുണനിലവാരമില്ലാത്ത കാരണത്താൽ ഡിപ്പോകളിൽ നിന്നും മടക്കി അയച്ച സാധനങ്ങൾ വീണ്ടും വിതരണത്തിനായി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം ഡിപ്പോകളിൽ നിന്നും മടക്കി അയച്ച ഏതെല്ലാം സാധനങ്ങളാണ് വീണ്ടും വിതരണം ചെയ്തിട്ടുള്ളത്; അവയുടെ അളവ് എത്ര വീതം; വ്യക്തമാക്കുമോ? | സി) | നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ.